# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എടിഎസ് ആർ പി(4)-361 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എടിഎസ് ആർ പി(4)-361 /2023 തീയ്യതി: 14/04/2023

## തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 01-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബേബി പി.വി, ഓഡിറ്റ് ഓഫീസർ

ശ്രീമതി സുധ ഇ.എൻ, അസി.ഓഡിറ്റ് ഓഡിറ്റ് ഓഫീസർ

ശ്രീ സുനിൽ പി.ബി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി അനീറ്റ ഡൊമിനിക്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ബസന്ത് ലാൽ എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| മിനി.വി | സെക്രട്ടറി | 01-04-2021 | 18-06-2021 |
| സുനന്ദ.ഇ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2021 | 07-07-2021 |
| ഷാജി.കെ.കെ | സെക്രട്ടറി | 08-07-2021 | 30-09-2021 |
| ഒഴിവ് | സെക്രട്ടറി | 01-10-2021 | 06-10-2021 |
| തോമസ് എ.എൽ | സെക്രട്ടറി | 07-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആഷാമോൾ.പി.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| മനാജ് മുഹമ്മദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.രേഖ എൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ശ്രുതിമോൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഷാർലെറ്റ് വിൻസൻറ് | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 01-04-2021 | 31-03-2022 |
| ജോഷി.ടി.ഐ | വെറ്ററിനറി സർജൻ | 01-04-2021 | 07-12-2021 |
| രാജീവ്.കെ.ആർ | വെറ്ററിനറി സർജൻ | 08-12-2021 | 31-03-2022 |
| ടി.എം.കമറുദ്ദീൻ | പ്രധാന അദ്ധ്യാപകൻ | 01-04-2021 | 31-03-2022 |
| സൂര്യ.കെ.ആർ | വി.ഇ.ഒ (എരുമപ്പെട്ടി സർക്കിൾ) | 01-04-2021 | 07-10-2021 |
| മിനി.വി.എൻ | വി.ഇ.ഒ (എരുമപ്പെട്ടി സർക്കിൾ) | 08-10-2021 | 31-03-2022 |
| എലിസബത്ത് ലിസി.ഡി | വി.ഇ.ഒ (കുണ്ടന്നൂർ സർക്കിൾ) | 01-04-2021 | 29-09-2021 |
| ദീപക്.പി.ഗോകുൽ | വി.ഇ.ഒ (കുണ്ടന്നൂർ സർക്കിൾ) | 30-09-2021 | 26-12-2021 |
| ജസ്റ്റിൻ സെബാസ്റ്റ്യൻ | വി.ഇ.ഒ (കുണ്ടന്നൂർ സർക്കിൾ) | 27-12-2021 | 31-03-2022 |
| സുനന്ദ.ഇ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-01-2022 |
| തോമസ്.എ.എൽ (സെക്രട്ടറി) | (അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്) | 01-02-2022 | 31-03-2022 |
| ലീജ എം വി | ഐ.സി.ഡി. എസ് | 01-04-2021 | 18-11-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ഷിമി.ഇ.ചന്ദ്രൻ | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 19-11-2021 | 06-02-2022 |
| സിന്ധു.എ.കെ (അഡീഷണൽ ചാർജ്) | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 07-02-2022 | 31-03-2022 |
| നന്ദിനി.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| ജസീല.യു.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-04-2021 | 04-01-2022 |
| നന്ദിനി.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-01-2022 | 09-02-2022 |
| സുനിത.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-02-2022 | 31-03-2022 |
| ജോമോൾ.സി.ബേബി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം. | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി | 1-10-2 |
| 13 | Prior Period Item -അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല | 1-10-3 |
| 14 | വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. | 1-10-4 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-5 |
| 16 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-10-6 |
| 17 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് | 1-10-7 |
| 18 | സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. | 1-10-8 |
| 19 | രസീതുപരിപാലനം - അപാകതകൾ | 1-11 |
| 20 | കരാറുകാരുടെ തൊഴി**ൽ** നികുതി അടവാക്കിയിട്ടില്ല | 1-12 |
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അപാകങ്ങൾ | 1-13 |
| 22 | വ്യാപാര ലൈസൻസ് എടുക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-14 |
| 23 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 1-15 |
| 24 | വാടക - അപാകതകൾ | 1-16 |
| 25 | ലേലം -അപാകതകൾ | 1-17 |
| 26 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷ**ൻ** നാളിതു വരെ പൂ**ർ**ത്തിയായിട്ടില്ല | 1-18 |
| 27 | മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 28 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല | 1-20 |
| 29 | വിമുക്ത ഭടന്മാരടെ കെട്ടിട നികുതിയിൽ ഇളവ് - അപാകങ്ങൾ | 1-21 |
| 30 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു- വരുമാന നഷ്ടം | 1-22 |
| 31 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ | 1-23 |
| 32 | 60 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ | 1-24 |
| 33 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ | 1-25 |
| 34 | നിർവ്വഹണ-പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-26 |
| 35 | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി - കാലി തീറ്റ നല്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-27 |
| 36 | തെരുവ് വിളക്ക് വാർഷിക പരിപാലനം, പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കൽ -സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-28 |
| 37 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-29 |
| 38 | അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 39 | ഭിന്നശേഷി സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് തുക അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടില്ല. | 1-31 |
| 40 | വി.ഇ.ഒ നടപ്പാക്കിയ പ്രൊജക്ടുകൾ - ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 1-32 |
| 41 | ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല | 1-33 |
| 42 | സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിട്ടില്ല, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 1-34 |
| 43 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - പട്ടിക ജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കിയില്ല. | 1 -35 |
| 44 | മഴക്കാല പൂർവ്വശുചീകരണം - സമയബന്ധിതമായി തുക ചെലഴിച്ചില്ല. | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 22.02.2021 | 1/1 | 1,74,50,60,430 | 1,72,44,09,680 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 28.02.2022 | 1/1 | 1,64,08,01,379 | 1,63,08,92,273 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 18-06-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,38,93,373 |
| വരവ് | 9,69,89,019 |
| ആകെ | 12,08,82,392 |
| ചെലവ് | 8,53,63,944 |
| നീക്കിയിരിപ്പ് | 3,55,18,448 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,64,22,106 | 1,64,22,106 | 1,64,22,106 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,25,45,191 | 1,25,45,191 | 1,16,94,793 | 8,50,998 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 70,23,088 | 70,23,088 | 39,56,417 | 30,66,971 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 1,00,10,677 | 1,00,10,677 | 77,53,120 | 22,57,557 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 34,72,483 | 34,72,483 | 12,93,992 | 21,78,491 |
| ടൈഡ് ഗ്രാന്റ് | 0 | 67,53,772 | 67,53,772 | 11,04,561 | 56,49,211 |

### 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അംഗീക-രിച്ച | നടപ്പാക്കി-യത് | നടപ്പാക്കിയ പദ്ധതി | നടപ്പാക്കിയ പദ്ധതിത്തുകയുടെ | നടപ്പാക്കിയ പ്രോജക്ടുക- |
|---|---|---|---|---|---|

| (എണ്ണം) | പദ്ധതി അടങ്കൽ തുക | (എണ്ണം) | ചെലവ് തുക | ശതമാനം | ളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 207 | 105570051 | 146 | 60729082 | 70.53% | 57.52% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 939605 | 939605 | 939605 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 39207594 | 39207594 | 39207594 | 0 |
| മെറ്റിരിയൽ കോസ്റ്റ് | 0 | 7603469 | 7603469 | 7603469 | 0 |
| ആകെ | 0 | | | | 0 |

തൊഴിലുറപ്പ് വിഭാഗം സൂക്ഷിക്കുന്ന പ്രസ്തുത വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തൊഴിൽരഹിത വേതനം | | 0 |
| കർഷകതൊഴിലാളി പെൻഷൻ | 411 | 6948200 |
| വിധവാപെൻഷൻ | 1414 | 24482500 |
| വാർദ്ധക്യകാലപെൻഷൻ | 2234 | 43135200 |
| വികലാംഗപെൻഷൻ | 382 | 6877600 |
| അവിവാഹിത പെൻഷൻ | 245 | 4221300 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 8 | 240000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.03.2023 തീയതിയിൽ 3.45 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15080/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം.

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും ഏറെകുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. എന്നാൽ പല രജിസ്റ്ററുകളും സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് സ്ഥല പരിമിതി ഉണ്ടെങ്കിലും ഇരിപ്പിട, കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയുടെ പേരിൽ ദുരിതാശ്വാസ നിധിക്കായി കേരള ഗ്രാമീണ ബാങ്കിന്റെ എരുമപ്പെട്ടി ശാഖയിൽ 16.6.2018 ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ആയതിൽ ക്രയവിക്രയങ്ങൾ ഒന്നും നടക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ. വെറ്ററിനറി സർജൻ, എച്ച്.എം.) കാർഷിക മേഖലയിൽ തൻവർഷം വെറും 3 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ടുകളുടെ രൂപീകരണ, നിർവ്വഹണ, പൂർത്തീകരണ വേളകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപെടലുകൾ കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.1/02.03.2023)

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-10-2 വസ്തു നികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 24,29,837 | 24,20,860 | 12003 | 4943 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 24,29,837 | 24,19,449 | 0 | *4943 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(5195 /105X100)=4948 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 19,41,304 | 19,12,927 | 3226 | 29046 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 19,41,304 | 19,07,473 | 0 | *29046 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, | (റസീറ്റ് & പേയ്മെന്റ് പത്രിക, | ( 350410104-Advance Collection- | *( 30501/105X100)=29049 (ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| | ഷെഡ്യൂൾ ഐ-1) | ഷെഡ്യൂൾ ആർ.പി-43) | PT On NR Bldg-ന്റെ ലെഡ്ജർ) | ഷെഡ്യൂൾ ബി-15) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 77198 | 56513 | 5469 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *62694 | 56,513 | 21741 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (39318+24545= 60,822 63863/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (22828/105X100)=21741 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3,10,625 | 2,41,617 | 69036 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 321206 | 2,41,617 | 69036 |
| | ( 2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(185755+142224=327979/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(72499/105X100)=69047 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 124349 | 4139 | 1281488 | 123697 | 2905 | 126602 | 737 | | 252 | 1128 | 1002 |
| | നോൺ-റെസിഡൻഷ്യൽ | 97776 | 15599 | 113375 | 96315 | 12110 | 108425 | 169 | | 1455 | 3463 | 4918 |
| | ആകെ | | | 241863 | | | 235027 | 906 | | | 5,920 | |
| വാർഷികകണക്കിലെ | | | 2,41,290 | | | 2,35,027 | | | 2,35,027 | | 5,920 | |

| | | | | | |
|---|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | 19165+222125 =241290 (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 1411 | 75705 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 4043 | 9254 |

2.6 1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 127 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01.04.21ന് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി

ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)131023രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 6239 (131023/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 5920രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-3 Prior Period Item -അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (-)5815 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (-)1411 |
| 280100106-Prior Period- Income Service Cess On Non-Residential Buildings | (-)152 |

## 1-10-4 വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11625075 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18033160രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-7 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ്

1/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assetsഎന്ന ആസ്തികൾക്ക് 879897രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 11,49,956രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-10-8 സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

### 1-11 രസീതുപരിപാലനം - അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ട്സും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ 30.12.2021 ന വെറ്ററിനറി സർജന് 4309, 4310, 5778, 5779,5780 എന്നീ നമ്പറുകളിലുള്ള 5 രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തു നൽകിയിട്ടുണ്ട്.

2. 4301 നമ്പർ രസീത് ബുക്കിലെ പല രസീതുകളുടെയും ഡ്യൂപ്ലിക്കേറ്റ് പാർട്ടിക്ക് നൽകിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ) )

3. രസീത് ബുക്കിലെ ബാക്കി വന്നിട്ടുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് 4301, രസീത് നം. 29 വരെയേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

4. രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ :- രസീത് ബുക്ക് 4304, രസീത് നം. 84

രസീത് ബുക്ക് 4301 , രസീത് നം. 3,6

രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് നം.24/9.3.2023)

### 1-12 കരാറുകാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അബ്ദുൾ ലത്തീഫ് താഴത്തേതിൽ

സുബൈർ എസ് വൈ ശൗര്യംപറമ്പിൽ

അബ്ദുൽ റഷീദ് മാളിയേക്കൽ

സിദ്ദിഖ് എൻ ചേവായൻ

അബ്ദുൽ കരീം ആലുക്കപീടികയിൽ

ജയരാജൻ, സെന്റർ ഫോർ സോഷ്യൽ ആൻഡ് റിസോഴ്സ് ഡെവലപ്മെന്റ് പുതുക്കാട്

കമ്മുട്ടി പി എം പതിപ്പറമ്പിൽ

ഇബ്രാഹിം കുന്നത്ത്പീടികയിൽ

സൈനുദ്ദീൻ എ കെ ആലുക്കാപീടികയിൽ

മുഹമ്മദ് മുത്തു ഇബ്രാഹിം മാറംപുറത്ത്

ജിൻസ് എൻ ജെ, നീലങ്കാവിൽ

സന്തോഷ് എം പി കോടപ്പാടത്ത്

സബീന മുഹമ്മദ് മുസ്തഫ, ഡ്രീം ഫാക്ടറി ആർക്കിടെക്സ് & ഇന്റീരിയർ

യൂസഫ് ടി എ താഴത്തേതിൽ

എൻ എ ഫ്രാൻസിസ് നീലങ്കാവിൽ

ഫ്രെഡി ഫ്രാൻസിസ് നീലങ്കാവിൽ

സുലൈമാൻ വി വൈ, വാരമംഗലത്ത്

ഹസൻ ഷമീർ കാലാപറമ്പിൽ

കിഷോർ ഉണ്ണിരംപുരക്കൽ

അനൂപ് പി മാത്യു പുന്നമാറംപുറത്ത്പ്പുഴ

സുലൈമാൻ എ എം ആലുക്കപീടികയിൽ

മുഹമ്മദാലി എം എം മുട്ടത്തുപീടികയിൽ

അബ്ദുൽ കബീർ എം. വി. മാറംപുറത്ത്
മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/07.03.2023) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്, അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ്

ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 200, 300 എന്നിങ്ങനെ വ്യത്യസ്തമായ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കുന്നുണ്ട്. പ്രസ്തുത നിരക്കുകൾ ഈടാക്കാൻ അവലംബിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കേണ്ടതാണ്. നിരക്കുകൾ നിശ്ചയിച്ച് കൊണ്ടുള്ള ഭരണസമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

2) മേൽ ചട്ടങ്ങൾ ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ ക്കൊടുത്തിരിക്കുന്ന ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | ലൈസൻസ് രജിസ്റ്റർ നമ്പർ | യന്ത്രത്തിന്റെ കുതിരശക്തി (HP) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | വിൽ ഓയിൽ മിൽ | ജിന്റോ മേക്കാട്ടുകുളം | 6 | 30 | 300 | 0 | 300 |
| 2 | ലക്ഷ്മി ഫ്ലോർമിൽ | ശങ്കരനാരായണൻ കെ വി | 22 | 10 | 100 | 0 | 100 |
| 3 | ടി ഡി ജെ സിമന്റ് പ്രൊഡക്ട്സ് | ടി ഡി കുര്യാക്കോസ് | 36 | 14.5 | 200 | 0 | 200 |
| 4 | CKJ ബ്രിക്സ് | ജോസ് ഡി കെ | 134 | 10 | 100 | 0 | 100 |
| 5 | അനുഗ്രഹ സ്റ്റീൽ ഫർണിച്ചർ | സേവ്യർ പുത്തൂർ | 7 | 1.5 | 50 | 0 | 50 |
| 6 | ന്യൂ സുമാർ ഇൻഡസ്ട്രീസ് സ്റ്റീൽ ഫർണിച്ചർ | എം ബി സജി മലയൻ കുന്നത്ത് | 8 | 1.5 | 50 | 0 | 50 |

സുപ്രീം ഫർണിച്ചർ-എം വി ഭരതൻ (ലൈസൻസ് രജിസ്റ്റർ നമ്പർ -9) എന്നിവരുടെ അപേക്ഷയിൽ യന്ത്രത്തിന്റെ കുതിരശക്തി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയത് പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/7.3.23)

## 1-14 വ്യാപാര ലൈസൻസ് എടുക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു

കാഞ്ഞിരക്കോട് കൃഷ്ണ കാറ്റിൽഫീഡ് കാലിത്തീറ്റ ഗോഡൗൺ സംബന്ധിച്ച് 24.05.2021 ലെ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് തീരുമാനം നമ്പർ 5(1) പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
"Bi - 2252/21 WARD-13 ൽ കാഞ്ഞിരക്കോട് കൃഷ്ണ കാറ്റിൽഫീഡ് കാലിത്തീറ്റ ഗോഡൗണിൽ നിന്നുള്ള മാലിന്യം സംബന്ധിച്ച് പരിസര നിവാസികൾ നൽകിയ പരാതി വാർഡ് അന്വേഷണച്ചുമതലയുള്ള ക്ലാർക്ക് സ്ഥലത്ത് പോയി അന്വേഷിച്ചതിൽ മൂന്നുമാസമായി പ്രവർത്തനം നടത്തി വരുന്ന ഈ സ്ഥാപനത്തിൽ അവിടെ ഏഴിൽ അധികം തൊഴിലാളികൾ പണിയെടുക്കുന്നതായും അവിടെനിന്ന് കാലിത്തീറ്റയുടെ ഗന്ധം വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമാനുസൃതം ലൈസൻസ് ലഭ്യമാക്കി സ്ഥാപനം നടത്തിക്കുന്നതിന് ഉടമയെ അറിയിക്കുന്നതിന് തീരുമാനിച്ചു" .
മേൽ സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/07.03.2023) സ്ഥാപന ഉടമയോട് ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇന്നേവരെ ലൈസൻസ് എടുത്തിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.
ടി സ്ഥാപനത്തിന് ലൈസൻസ് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെ 534 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തിൽ ട്രേഡേഴ്സ് ലിസ്റ്റിൽ 373 കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ മാത്രമേയുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും

ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.
ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.

## 1-16 വാടക - അപാകതകൾ

1. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 16-ാം വാർഡിലെ 445, 482 എന്നീ നമ്പർ കെട്ടിടങ്ങൾ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ ഉണ്ടായിരുന്നതും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വനിതവ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ SIND(R) 350 ന് വാടകയ്ക്ക് നല്കിയിരുന്നതുമാണ്. 2008-2009 സാമ്പത്തിക വർഷം മുതൽ 2016-17 വരെ ഈ കെട്ടിടത്തിന് 91,116 രൂപ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതും നാളിതുവരെയായി കുടിശ്ശിക ഒന്നും തന്നെ അടവാക്കിയിട്ടില്ലാത്തതുമാണ്. കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുണ്ടൻകോട് കോളനി വനിതാ സ്വയംതൊഴിൽ പരിശീലന കേന്ദ്രം 2019 മാർച്ച് വരെയും, മാവേലിസ്റ്റോർ നടത്തിപ്പിന് നല്കിയിരുന്ന കെട്ടിടം 2019 ജൂൺ വരെയും മാത്രമാണ് വാടകയ്ക്ക് നല്കിയിട്ടുള്ളത്. തുടർന്ന് മുറികൾ വാടകയ്ക്ക് നല്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു.
3. 24.11.2021 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് തീരുമാനം നമ്പർ 21(1) പ്രകാരം ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിലെ കെട്ടിട നമ്പർ 480, 481 എന്നീ മുറികളുടെ എഗ്രിമെന്റ് കാലാവധി കഴിഞ്ഞതിനാൽ എഗ്രിമെന്റ് പുതുക്കി നൽകുന്നതിനായി അമൃതം ഫുഡ് സപ്ലിമെന്റ് പ്രസിഡന്റ്, സെക്രട്ടറിക്ക് നൽകിയ കത്ത് യോഗം ചർച്ച ചെയ്തെങ്കിലും തൽക്കാലം പുതുക്കേണ്ടതില്ല എന്ന യോഗം തീരുമാനിച്ചു. ഇപ്രകാരം തീരുമാനമെടുത്തതിന്റെ കാരണവും വ്യക്തമല്ല.
4. അമൃതം ഫുഡ് സപ്ലിമെന്റിന് വാടകയ്ക്ക് നല്കിയ മേൽ കെട്ടിടത്തിന്റെ വാടക തുകയോടൊപ്പം GST ഈടാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു.
അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/07.03.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും വാടക സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1-17 ലേലം -അപാകതകൾ

1) ലേല രജിസ്റ്റർ അപൂർണ്ണമാണ്
വാർഷിക കണക്കിൽ താഴെക്കൊടുത്തിരിക്കുന്ന തുകകൾ ലേലം ഇനത്തിൽ ഉണ്ട്.
Sale Of Scrap - 19128/-
Receipts From Auction Of Obsolete Assets- 138000/-
എന്നാൽ രജിസ്റ്ററിൽ 4000 രൂപയുടെ ഒരു സ്ക്രാപ്പ് ലേലം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ലേലം സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് ഫയലിലും ഉള്ളത്.
മറ്റു വിവരങ്ങളൊന്നും 2021-22 ലേല രജിസ്റ്ററിൽ ഇല്ല. ലേല രജിസ്റ്ററിൽ ഡിസിബി എഴുതിയിട്ടില്ല.
ലേല രജിസ്റ്റർ പൂർണ്ണമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) മരങ്ങളുടെ ലേലം സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിലും വൗച്ചർ പരിശോധനയിലും നിരവധി പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:
A) ബഡ്സ് സ്കൂളിൽ ട്രസ്സ് വർക്ക് ചെയ്യാൻ തടസ്സമായി നിന്നിരുന്ന പൊടിഞ്ഞി മരം മുറിച്ച് മാറ്റുന്നതിന് സന്തോഷ്കുമാറിന് 2300/- (വൗച്ചർ നം. 22100852/ 3.12.21) രൂപ നല്കിയിട്ടുണ്ട് . ഫയലിൽ നിന്നും മരം വിറകിന് മാത്രം ഉപയോഗിക്കാൻ പറ്റുന്നതാണെന്നും ലേലം നടത്തുന്നതിനും വാല്യുവേഷൻ ആവശ്യത്തിന് സോഷ്യൽ ഫോറസ്റ്ററിക്ക് കത്ത് നല്കുന്നതിനും സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

B) 6-ാം വാർഡ് പൊതുവഴിയിൽ കരുവാത്ത് രാഘവന്റെ വീടിന് ഭീഷണിയായി നിന്ന വലിയ പുളിമരം മുറിക്കുന്നതിന് ചെലവഴിച്ച തുക (വൗച്ചർ നം. 22100958/ 13.1.22 -15140/-) മഹേഷ് കരുവത്ത് ഹൗസ്, മങ്ങാട് എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. ഫയൽ പ്രകാരം വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ മരങ്ങളുടെ ലേലം നടന്നതായി ഫയലിലും രജിസ്റ്ററിലും കാണുന്നില്ല. ഇതു പോലെ പല മരങ്ങളുടെയും ലേലം നടത്തേണ്ടതാണ് എന്ന് പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിൽ കാണുന്നുണ്ട്.

ലേലനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3) 24.01.2022 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1(1) താഴെ ചേർത്തിരിക്കുന്നു

“എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൻറെ കീഴിലുള്ള സ്കൂൾ കുട്ടഞ്ചേരി ഗവ എൽ പി സ്കൂളിൽ പൊളിച്ച് നീക്കം ചെയ്ത് പുതിയത് നിർമ്മിക്കുന്നതിന് പഴയ കെട്ടിടം ലേലം ചെയ്ത് 23.11.2021 ന് നടത്തിയ ലേലത്തിൽ 3 പേർ പങ്കെടുത്തുവെങ്കിലും വാല്യുവേഷൻ തുക കൂടുതലാണ് എന്ന കാരണത്താൽ ആരും ലേലം കൊള്ളാത്തതിനാൽ 27.11.2021 ന് വീണ്ടും നടത്തിയ ലേലത്തിൽ 8.12.2021 തിയതിയിലെ നമ്പർ 10 തീരുമാനപ്രകാരം 1,79,000/- രൂപയ്ക്ക് ശ്രീ രോഹിത് T M ,തോട്ടത്ത് വീട് ,P O നമ്പഴിക്കാട് എന്നവർക്ക് ലേലം സ്ഥിരപ്പെടുത്തി, ടെലഫോൺ മുഖേനയും റജിസ്റ്റേഡ് കത്ത് മുഖേനയും അറിയിപ്പ് നൽകിയിട്ടും പ്രസ്തുത തുക അടവാക്കുകയോ ,തക്കതായ വിവരം ബോധിപ്പിക്കുകയോ ചെയ്യാതെ മന:പ്പൂർവ്വമായി പദ്ധതി പ്രവർത്തനം തടസ്സപ്പെടുത്തിതായി കമ്മറ്റി നിരീക്ഷിച്ചു.

21.01.2022 തിയതിയിലെ നമ്പർ BSK/BL /2020/4331 P W D വകുപ്പിൽ നിന്നുള്ള നോട്ടീസ് ലഭിച്ച സാഹചര്യത്തിൽ മുൻ ലേലം റദ്ദ് ചെയ്യുവാനും, ആയതിന്റെ നഷ്ടോത്തരവാദിത്വം ടിയാനിൽ നിന്നും നിയമനടപടികളിലൂടെ ഈടാക്കുന്നതിനും മേലിൽ പദ്ധതിപ്രവർത്തനങ്ങൾക്ക് തടസ്സം വരുത്തിയതിനെതിരെ നിയമോപദേശം തേടി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. അടിയന്തിരമായി കെട്ടിടം പൊളിച്ചുനീക്കം ചെയ്ത് നിർമ്മാണസ്ഥലം തടസ്സരഹിതമാക്കി നൽകുന്നതിന് വേണ്ടി ശ്രീ സുനിൽ PM, പുല്ലാനിപ്പറമ്പത്ത് ഹൗസ്, നമ്പഴിക്കാട് എന്നവർ സമർപ്പിച്ച 106000/- രൂപയുടെ ക്വട്ടേഷൻ ലേലം സ്ഥിരപ്പെടുത്തി അംഗീകരിക്കുകയും നടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.”

ശ്രീ രോഹിത് T M ൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ എന്ന വിവരവും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി വിവരങ്ങളും അറിയിക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/07.03.2023) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ്.

ലേലം യഥാസമയം നടത്തേണ്ടതും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-18 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല.സഞ്ചയ പ്രകാരം 15 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|
| | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| ( 1 ) Erumapetty | 954 | 0 | 954 | 0 | 954 | 0 | 954 | 0 |
| ( 2 ) Pathiyaram | 651 | 0 | 651 | 0 | 651 | 0 | 651 | 0 |
| ( 3 ) Nelluvai North | 825 | 0 | 825 | 0 | 825 | 0 | 825 | 0 |
| ( 4 ) Kuttanchery | 533 | 0 | 533 | 0 | 533 | 0 | 533 | 0 |
| ( 5 ) Muringatheri | 466 | 0 | 466 | 0 | 466 | 0 | 466 | 0 |
| ( 6 ) Mangad | 644 | 1 | 643 | 0 | 643 | 0 | 643 | 1 |
| ( 7 ) Edakkad | 454 | 2 | 452 | 0 | 452 | 0 | 452 | 2 |
| ( 8 ) Muttikkal | 559 | 0 | 559 | 0 | 559 | 0 | 559 | 0 |
| ( 9 ) Chittanda | 571 | 0 | 571 | 1 | 570 | 0 | 570 | 1 |
| ( 10 ) Thrikanapathiyaram | 526 | 1 | 525 | 0 | 525 | 0 | 525 | 1 |
| ( 11 ) Kundannur | 611 | 0 | 611 | 0 | 611 | 0 | 611 | 0 |
| ( 12 ) Kodumb | 570 | 0 | 570 | 0 | 570 | 0 | 570 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ( 13 ) Kanjirakkode | 692 | 5 | 687 | 0 | 687 | 0 | 687 | 5 |
| ( 14 ) Kundannur South | 643 | 0 | 643 | 0 | 643 | 0 | 643 | 0 |
| ( 15 ) Kottappuram | 608 | 1 | 607 | 0 | 607 | 0 | 607 | 1 |
| ( 16 ) Mangad South | 559 | 1 | 558 | 0 | 558 | 0 | 558 | 1 |
| ( 17 ) Nelluvai South | 849 | 3 | 846 | 0 | 846 | 0 | 846 | 3 |
| ( 18 ) Kariyannur | 536 | 0 | 536 | 0 | 536 | 0 | 536 | 0 |
| Total | 11251 | 14 | 11237 | 1 | 11236 | 0 | 11236 | 15 |

ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 25/09.03.2023)

## 1-19 മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി, ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള തുകയാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 1/188/A | റിലയൻസ് ടവർ | 2021- 1st Half& 2nd Half | 2340x2 =4680 |
| 8/343 | ബി എസ് എൻ എൽ | 2016- 1st Half& 2nd Half,<br>2017- 1st Half& 2nd Half,<br>2018- 1st Half& 2nd Half<br>2019- 1st Half& 2nd Half<br>2020- 1st Half& 2nd Half<br>2021- 1st Half& 2nd Half | (5364X6)+ (5362X5)+ 1057 = 60051 |
| 8/355 | റിലയൻസ് ഇൻഫോകോം | 2021- 1st Half& 2nd Half | 1756+1754 = 3510 |

കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/08.03.2023) മേൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ആർ ആർ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി നല്കിയിട്ടുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 6 / 185A | ചിന്നമ്മു , മൂത്തേടത്ത്പറമ്പിൽ | 121040100719/23.07.2021 | 2021 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 686 |

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.21/08.03.2023)

## 1-21 വിമുക്ത ഭടന്മാരുടെ കെട്ടിട നികുതിയിൽ ഇളവ് - അപാകങ്ങൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. പഞ്ചായത്തിൽ പ്രസ്തുത ഇളവിന് അർഹരായവരുടെ അപേക്ഷകൾ/സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം.21/09.03.2023)

## 1-22 വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു- വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 40/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 40/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | II/ 11A | അബ്ദുൾ റസാഖ് | 115.59 |
| 2 | XVII/508 | വികാരി RC ചർച്ച്, കൈവശക്കാരൻ ജോൺസൺ | 186.5 |
| 3 | XVII/717A | സെക്രട്ടറി, ജനറൽ വർക്കേഴ്സ് ഫെഡറേഷൻ | 156 |
| 4 | XVIII/2A | ജോൺസൺ ചുങ്കത്ത് | 119.5 |
| 5 | XVIII/2B | ജോൺസൺ ചുങ്കത്ത് | 133 |

100ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി 40/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് 60/- രൂപയുമാണ് എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി കുറവ് ഈടാക്കിയത് പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് ഇടയാക്കുന്നു.

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/08.03.2023)

## 1-23 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം

ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | ഫയൽ നം./അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | III/291C,D,E,F,G,H,I,J,K,L | വിജയരാഘവൻ ഞാറേക്കാട്ട് | 4387/2021 22/12/2021 | 01.04.2021-30.09.2021 |
| 2 | III/320 H,I | രഞ്ജിത്ത് കൈപ്പട കാർത്തികയിൽ | 4833/2021 05/03/2022 | 01.04.2021-30.09.2021 |
| 3 | XI/276 A5, B1,B2,B3,B4,B5, B6,B7,B8,B9,B10,B11,B12,B13, B14,B15,B16,C1,C2,C3,C4,C5, C6,C7, C8,C9 | ഹസ്സൻ കുറ്റിമൂച്ചിക്കൽ | 123 05/03/2022 | 01.04.2021-30.09.2021 |
| 4 | XVII/550 J,L,M | അബ്ബാസ് കരേങ്കൽ | A1-1564/22 26/03/2022 | 01.10.2021-31.03.2022 |
| 5 | XVIII/242 AA,AB,AC,AD,AF,AG,AH,AI,AJ, B,D,E,H,I,L,O,P,R,S,T,U,V,W,X,Y,Z | തോമസ് & ജിംസൺ തോമസ് മുരിങ്ങാത്തേരി | B3-33887/2021 29/06/2021 | 01.04.2021-30.09.2021 |
| | XVIII/242 AA,AB,AC,AD,AF,AG,AH,AI,AJ, B,D,E,H,I,L,O,P,R,S,T,U,V,W,X,Y,Z | തോമസ് & ജിംസൺ തോമസ് മുരിങ്ങാത്തേരി | B3-1180/2022 03/03/2022 | 01.10.2021-31.03.2022 |

നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് കൊണ്ട് മാത്രം ഇളവ് നല്കാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.25/09.03.2023)

## 1-24 60 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. 60 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിട നം. | ഉടമ | തറ വിസ്തീർണ്ണം |
|---|---|---|---|
| 13 | 158 | കോയ ഹസ്സൻ, കിഴക്കേപീടികയിൽ | 70 ച.മീ. |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 25/09.03.2023)

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷണർ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാല യളവ് | തുക | ആകെ | |
| 1 | റോസ് എന്ന അമ്മിണി | 107180600451 | വിധവ പെൻഷൻ | 25.11.2021 | 01/2022 03.01.2022 | സസ്പെൻഡ് | 12/2021-01/2022 | 1600 | 3200 | 3200 |
| 2 | കുട്ടപ്പൻ | 107330201242 | വാർദ്ധക്യകാല പെൻഷൻ | 22.11.2021 | 11/2022 13.01.2022 | ആക്റ്റീവ് | 12/2021-11/2022 | 1600 | 19200 | 19200 |
| 3 | സെലീന വർഗ്ഗീസ് | 107260100367 | കർഷക തൊഴിലാളി പെൻഷൻ | 03.01.2022 | 18/2022 09.02.2022 | സസ്പെൻഡ് | 02/2022-05/2022 | 1600 | 6400 | 6400 |
| 4 | ആമിന അലിക്കുട്ടി | 107260100690 | കർഷക തൊഴിലാളി പെൻഷൻ | 27.01.2022 | 33/2022 19.02.2022 | സസ്പെൻഡ് | 02/2022-05/2022 | 1600 | 6400 | 6400 |
| 5 | ത്രേസ്യ | 107260100350 | കർഷക തൊഴിലാളി പെൻഷൻ | 03.11.2021 | 37/2022 09.02.2022 | സസ്പെൻഡ് | 12/2021-05/2022 | 1600 | 9600 | 9600 |
| 6 | അന്നമ്മ | 107260200531 | വാർദ്ധക്യകാല പെൻഷൻ | 02.03.2022 | ലഭ്യമല്ല | സസ്പെൻഡ് | 04/2022-05/2022 | 1600 | 3200 | 3200 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 48000 |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ എരുമപ്പെട്ടി പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റ് പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ /തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാല യളവ് | തുക | ആകെ | |
| 1 | സരോജിനിയമ്മ | 2220288089 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ | 09.03.2021 | 46/2021 08.04.2021 | സസ്പെൻഡ് | Agriculture Office, Erumapetty | 04/2022-05/2022 | 1600 | 3200 | 3200 |
| 2 | മൊയ്തുട്ടി | 2220287940 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ | 28.12.2021 | 13/2022 18.01.2022 | ആക്റ്റീവ് | Agriculture Office, Erumapetty | 01/2022-11/2022 | 1600 | 17600 | 17600 |
| 3 | പങ്കജാക്ഷൻ ടി.എസ്. | 2220287814 | ക്ഷേമനിധി ബോർഡ് | 26.01.2022 | 19/2022 09.02.2022 | ആക്റ്റീവ് | Agriculture Office, | 02/2022-11/2022 | 1600 | 16000 | 16000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | പെൻഷൻ, കർഷക പെൻഷൻ | | | | Erumapetty | | | | |
| 4 | വിജയൻ പി. | 2220287984 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ | 10.01.2022 | 27/2022 17.02.2022 | ആക്റ്റീവ് | Agriculture Office, Erumapetty | 02/2022-11/2022 | 1600 | 16000 | 16000 |
| ആകെ അധികം നൽകിയ തുക | | | | | | | | | | | 52800 |

3. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന 6 പേർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| | Pensioner ID | Aadhar No. | Pensioner Name | |
|---|---|---|---|---|
| 1 | 107260100412 | 640916629848 | കുറുമ്പ | 01/01/2000 |
| 2 | 107260100914 | 984907079444 | പാറുക്കുട്ടി | 01/04/2011 |
| 3 | 107260100956 | 575970690332 | ശാരദ | 01/10/2011 |
| 4 | 107260201294 | 963891806663 | ജെസ്സി തോമസ് | 01/01/2014 |
| 5 | 107260601617 | 513389712279 | ത്രേസ്യ | 01/09/2015 |
| 6 | 107260601768 | 893486863967 | വള്ളി പി.സി. | 01/09/2016 |

മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും എത്ര തുകയാണ് ഓരോരുത്തരും അനർഹമായി കൈപ്പറ്റിയിട്ടുള്ളതെന്നും പ്രസ്തുത തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും അറിയിക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നം.7 /06.03.2023) നല്കിയിരുന്നു.

മേൽ കൊടുത്തിട്ടുള്ള അപാകങ്ങൾക്കും മരണപ്പെട്ട ശേഷവും പെൻഷൻ ഐഡി സേവനയിൽ നിന്ന് നീക്കം ചെയ്യാത്തതിനും വിശദീകരണവും, കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരവും മേൽ എൻക്വയറി മുഖേന അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

ക്രമ നം 1 ന്റെ മറുപടി:- ക്രമ നം. ഒന്ന് റോസ് എന്ന അമ്മിണി, ക്രമ നം. രണ്ട് കുട്ടപ്പൻ എന്നവർ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പെൻഷൻ കൈപ്പറ്റുന്നവരാണ് ആയതിനാൽ പെൻഷൻ റദ്ദാക്കുന്നതിനും തുക തിരികെ അടവാക്കുന്നതിനും ഈ ഗ്രാമപഞ്ചായത്തിൽ സാധിക്കാത്ത സാഹചര്യമാണ് ഉള്ളത്. അധികമായി നൽകിയ പെൻഷൻ തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്.
ക്രമ നം 2 ന്റെ മറുപടി:- ലിസ്റ്റിലെ ഗുണഭോക്താക്കൾ ക്ഷേമനിധി ബോർഡ് വഴി പെൻഷൻ കൈപ്പറ്റുന്നവരാണ് ആയതിനാൽ പെൻഷൻ റദ്ദാക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണുള്ളത്.
ക്രമ നം 3 ന്റെ മറുപടി:- അധികമായി കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിന് 24.3.2021 ന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. മറുപടി ലഭ്യമാകാത്തതിനാൽ 20.9.2011 ന് പെൻഷൻ ബുക്ക്, ട്രഷറി പാസ്ബുക്ക് എന്നിവ സമർപ്പിക്കുന്നതിന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വ്യക്തികളുടെ പെൻഷൻ പേയ്മെന്റ് ഓർഡർ നമ്പർ ലഭ്യമാക്കുന്നതിന് സബ്ട്രഷറി ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. വള്ളി പി. സി., പാറുക്കുട്ടി പി. എം., എ. കെ. ശാരദ എന്നിവർ ഗഡുക്കളായി തുക തിരികെ നൽകുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20

പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനർഹമായി നൽകിയ തുക എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-26 നിർവ്വഹണ-പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 208/22 പഞ്ചായത്ത് കെട്ടിടം പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ സോയിൽ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ, 190/22 ആസ്തി കാലികമാക്കൽ എന്നീ പ്രോജക്ടുകൾക്കായി 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം തുക അനുവദിച്ച് നല്കിയിട്ടുള്ളതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരു വിവരം | നിർവ്വഹണ ഏജൻസി | ഫണ്ടു വിവരം | വൗച്ചർ | | തുക (₹) |
|---|---|---|---|---|---|
| | | | നമ്പർ | തിയതി | |
| 208/22 പഞ്ചായത്ത് കെട്ടിടം പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ സോയിൽ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ | ഡ്രീം ഫാക്ടറി, 6th ഫ്ലോർ, ക്രീക്ക് ടവർ, അശ്വനി ആശുപത്രിയ്ക്ക് സമീപം, തൃശ്ശൂർ-22 | തനതു ഫണ്ട് | 22101187 | 16.02.22 | 1,00,000 |
| | | | 22101413 | 31.03.22 | 3,00,000 |
| 190/22 ആസ്തി കാലികമാക്കൽ | സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്പ്മെന്റ്, 2nd ഫ്ലോർ, പുളിക്കൻ ബസാർ, പുതുക്കാട്, തൃശ്ശൂർ. | വികസന ഫണ്ട് (പൊതു വിഭാഗം) സാധാരണ വിഹിതം | 22101102 | 15.01.22 | 1,21,500 |
| | | | 22101366 | 11.03.22 | 2,43,000 |

പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞ രണ്ടു പ്രോജക്ടുകളിലേയും പ്രവർത്തി പൂർത്തീകരിച്ചതിന്റെയോ, റിപ്പോർട്ട് സമർപ്പിച്ചതിന്റെയോ വിവരം ഇല്ലാത്തതാണ്. പ്രോജക്ടുകൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.26/09.03.23)

## 1-27 പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി - കാലി തീറ്റ നല്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നം. -S0017/22. (വനിത)

ട്രഷറി ബിൽ നം.6/21 -22.dtd. 3.12.21. 500000/ -

അടങ്കൽ - 20ലക്ഷം.

വി.ഫ. - 500000/ -

സംസ്ഥാന വിഹിതം - 500000/ -

ഗുണ ഭോക്തൃ വിഹിതം - 1000000/

(നേരിട്ട്)

മേൽ പ്രോജക്ടിൽ 80 ഗുണഭോക്താക്കൾക്ക് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൻ കീഴിൽ കാലിതീറ്റ വിതരണം ചെയ്യുന്നതിനായി അഞ്ച് ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ക്ഷീര സംഘം ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 20.1.22മുതൽ കാലിതീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ക്രമനം.7.ജയന്തി, ക്രമ നം.8.സുഷമ്മ കുമാരി, ക്രമ നം.9.അംബിക,ക്രമ നം.10.ജമീല, ക്രമ നം.11.അമ്മാളു എന്നീ ഗുണഭോക്താക്കൾ 20.1.22മുതൽ 20.4.22വരെ മാത്രമെ കാലി തീറ്റ വിതരണം ചെയ്ത തിയതികൾ രേഖപ്പെടുത്തിയിട്ടുള്ളൂ. മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ അവർക്ക് നല്കിയ വിഹിതം SLBPയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ സംസ്ഥാന വിഹിതം ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. സംഘം ഹാജരാക്കിയ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ സംഘം സെക്രട്ടറി, വെറ്ററിനറി സർജൻ എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.പദ്ധതി പൂർത്തികരിക്കുന്ന മുറയ്ക്ക് ആയതിന്റെ ധനവിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്ക് വാർഷിക പരിപാലനം, പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കൽ -സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ തെരുവ് വിളക്ക് വാർഷിക പരിപാലനത്തിനും, പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന വിവിധ പ്രൊജക്ടുകൾ പ്രകാരം കരാർ നല്കിയിട്ടുള്ളതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരു വിവരം | കരാറുകാരന്റെ പേര് | കരാർ ഉടമ്പടി നമ്പർ | കരാർ കാലയളവ് | വൗച്ചർ | | തുക |
|---|---|---|---|---|---|---|---|
| | | | | | നമ്പർ | തിയതി | |
| 1 | 233/22 എസ്.സി. കോളനികൾ LED ലൈറ്റ് വാങ്ങി സ്ഥാപിക്കൽ-(ധനകാര്യ കമ്മീഷൻ അവാർഡ്) | വേണു ഗോപാല മേനോൻ, ചാലിശ്ശേരി വീട്, തൊയക്കാവ് | 21/ 10.03.22 | 10.03.22 മുതൽ ഒരു വർഷം | 22101447 | 31.03.22 | 2,94,000 |
| 2 | 71/22 തെരുവ് വിളക്ക് AMC -LED ലൈറ്റ്, LED ബൾബ് (സ്പിൽ ഓവർ)-(തനത് ഫണ്ട്) | നിഖിൽ കുമാർ. കെ.എൻ, കോഴിപ്പറമ്പിൽ ഹൗസ്, വെട്ടുകാട് | 17/19.06.20 | 19.06.20 മുതൽ 19.06.21 വരെ | 22101258 | 17.03.22 | 1,19,193 |
| 3 | 68/22 തെരുവിളക്ക് പരിപാലനം CFL ലൈറ്റ് അറ്റകുറ്റ പണി -(സ്പിൽ ഓവർ)-(തനത് ഫണ്ട്) | ചഹേൽ മാർക്കറ്റിംഗ്, കൈപ്പറമ്പ്, തൃശ്ശൂർ | 18/ 09.09.20 | 09.09.20 മുതൽ 08.09.21 വരെ | 22100819 | 27.11.21 | 2,21,232 |
| 4 | 72/22 ഹൈമാസ്റ്റ് ലൈറ്റ് | നിഖിൽ കുമാർ. കെ.എൻ, കോഴിപ്പറമ്പിൽ | 13/19.06.20 | 19.06.20 മുതൽ | 22100959 | 13.01.22 | 20,107 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പരിപാലനം-(സ്പിൽ ഓവർ)-തനത് ഫണ്ട് | ഹൗസ്, വെട്ടുകാട് | | 19.06.21 വരെ | | | |
| 5 | 73/22 മിനിമാസ്റ്റ് റിപ്പയറിംഗ്-സ്പിൽ ഓവർ (തനതു ഫണ്ട്) | നിഖിൽ കുമാർ. കെ.എൻ, കോഴിപ്പറമ്പിൽ ഹൗസ്, വെട്ടുകാട് | 12/ 19.06.20 | 19.06.20 മുതൽ 19.06.21 വരെ | 22100906 | 23.12.21 | 72,220 |
| 6 | 69/22 തെരുവിളക്ക് AMC -ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ് അറ്റകുറ്റ പണി സ്പിൽ ഓവർ (തനതു ഫണ്ട്) | ചഹേൽ മാർക്കറ്റിംഗ്, കൈപ്പറമ്പ്, തൃശ്ശൂർ | 16/ 09.09.20 | 9.0920 മുതൽ 08.09.21 വരെ | 22100911 | 23.12.21 | 77,432 |
| 7 | 148/22 സ്ട്രീറ്റ് ലൈറ്റ് AMC – SC കോളനി-വികസനഫണ്ട്-SCP | സതീഷ്.P.S, കൊട്ടിലിൽ ഹൗസ്, കേച്ചരി | 16/ 09.09.20 | 03.11.21 മുതൽ ഒരു വർഷം | ട്രഷറി ബിൽ നമ്പർ:78/21-22 തി:16.03.22 | - | 2,00,000 |
| 8 | 149/22 സ്ട്രീറ്റ് ലൈറ്റ് AMC – വികസനഫണ്ട്-ജനറൽ | സതീഷ്.P.S, കൊട്ടിലിൽ ഹൗസ്, കേച്ചരി | 16/09.09.20 | 03.11.21 മുതൽ ഒരു വർഷം | ട്രഷറി ബിൽ നമ്പർ:55/21-22 തി:31.12..21 | - | 2,00,000 |
| | | | | | | ആകെ | 12,04,184/- |

കരാർ ഉടമ്പടി പ്രകാരം കരാർ കാലയളവിൽ കരാറുകാരൻ പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരമുള്ള എല്ലാ തെരുവു വിളക്കുകളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ലഭ്യമാക്കിയ തെരുവിളക്കു രജിസ്റ്ററിൽ 18 വാർഡിലേയും പോസ്റ്റു നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്ററിൽ തെരുവുവിളക്കുകളുടെ ഇനം, തരം, എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ലാത്തതുമാണ്. തെരുവു വിളക്കുകൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളുടെ അഭാവത്തിൽ എപ്രകാരമാണ് വാർഷിക അറ്റകുറ്റപ്പണിക്ക് ലഭ്യമായ ടെണ്ടറുകളിലെ നിരക്കുകളിൽ തീരുമാനമെടുക്കുന്നതെന്ന് വ്യക്തമല്ല. തെരുവുവിളക്ക് രജിസ്റ്ററിൽ മേൽ വ്യക്തമാക്കിയ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (4/04.03.2023) പ്രസ്തുത രജിസ്റ്റർ ആധികാരികമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓരോ വർഷവും തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയിനത്തിലും പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായും വലിയ തുക ഗ്രാമപഞ്ചായത്ത് ചെലവിടുന്നുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് മുതലായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പ്രൊജക്റ്റ് ഏക പ്രൊജക്റ്റായി തയ്യാറാക്കാവുന്നതും അടങ്കൽ തുക 5,00,000/- രൂപയിൽ അധികമാകുന്ന പക്ഷം ഇ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച ആകെ തുകയായ 12,04,184/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | ട്രഷറി ബിൽ നം./തിയതി | തുക (₹) |
|---|---|---|---|---|
| 1 | 3/22 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22101023/26.10.2021 | 96,930 |
| 2 | 29/22കാൻ തൃശ്ശൂർ (വികസന ഫണ്ട് ജനറൽ) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 22101309/09.02.2022 | 1,00,000 |
| 3 | 286/22 മേച്ചിൽപുറം കുടിവെള്ള പദ്ധതി ഭൂജലവകുപ്പിന് തുക കൈമാറൽ (വികസന ഫണ്ട് ജനറൽ) | ഭൂജലവകുപ്പ് | 22101405/23.03.2022 | 33,145 |
| 4 | 114/22- കുട്ടഞ്ചേരി അങ്കണവാടിക്ക് വാട്ടർ കണക്ഷൻ നൽകൽ - വാട്ടർഅതോറിറ്റിക്ക് തുക കൈമാറൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ | 22101310/09.02.2022 | 1,40,000 |
| 5 | 219/22 സ്ട്രീറ്റ് ലൈൻ നീട്ടൽ കുണ്ടന്നൂർ സെക്ഷൻ.വടക്കാഞ്ചേരി സെക്ഷൻ (ധനകാര്യ കമ്മീഷൻ അവാർഡ്) | കെ.എസ്.ഇ.ബി., കുണ്ടന്നൂർ | 22101275/18.03.22- 1,52,634<br>22101382/24.03.22- 1,88,328 | 3,40,962 |
| | | കെ.എസ്.ഇ.ബി., വടക്കാഞ്ചേരി | 22101274/18.03.22-6,59,030 | 6,59,030 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.5/04.03.2023)

## 1-30 അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നമ്പർ 33/22 – വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) എന്ന പ്രൊജക്ട് പ്രകാരം വികസനഫണ്ട് (എസ്.സി.പി) ഉപയോഗിച്ച് Artco Ltd.തൃശ്ശൂരിൽ നിന്നും കട്ടിലൊന്നിന് ₹4,150/- നിരക്കിൽ 100 കട്ടിലുകൾ ₹4,15,000/- (വൗച്ചർ നം.22101093 /31.12.21) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. (ഇൻവോയ്സ് നം. 281/27.12.21).
അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ജാതി സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന രേഖ എന്നിവ ഇല്ല.മേൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/04.03.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വിതരണ രജിസ്റ്ററിലെ ക്രമനമ്പർ | ഗുണഭോക്താക്കളുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 3 | കല്ല്യാണി,കൊട്ടിയംകുന്ന് | ജാതി |

| | | | |
|---|---|---|---|
| | | കോളനി, വാർഡ്-11 | സർട്ടിഫിക്കറ്റ് ഇല്ല. |
| 2 | 81 | കാളിക്കുട്ടികുട്ടിഅയ്യപ്പൻ മനക്കൽപടി,വാർഡ്-9 | ,, |
| 3 | 82 | അയ്യപ്പൻ,മനക്കൽപടി,വാർഡ്-9 | ,, |
| 4 | 59 | മീനാക്ഷി വാഴാലവളപ്പിൽ, ചിറ്റണ്ട വാർഡ്-9 | വയസ്സ് തെളിയിക്കുന്ന രേഖ ഇല്ല. |
| 5 | 96 | കാർത്ത്യായനി കുഞ്ഞുണ്ണി,മുരിങ്ങത്തേരി,വാർഡ്-7 | ,, |

രേഖകൾ ഹാജരാക്കുന്നതുവരെ 5 കട്ടിലിന്റെ വിലയായ 20,750/-രൂപ തടസ്സപ്പെടുത്തുന്നു.

1-31 ഭിന്നശേഷി സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് തുക അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടില്ല.

ICDS സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി താഴെ പറയും പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രോജക്ട് പ്രകാരം തുക ചെലവു വന്നിട്ടുണ്ടെങ്കിലും, UTR-സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തുക ട്രഷറിയിൽ നിന്ന് ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടില്ലാത്തതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് വിവരം | | ഗുണഭോക്താവിന്റെ പേര് | വൗച്ചർ | | |
|---|---|---|---|---|---|
| നമ്പർ | പേര് | | നമ്പർ | തിയതി | തുക (₹) |
| 50/22 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പൊതുവിഭാഗം) | അക്ഷജ്.എം.ബി. മേലേപുരയ്ക്കൽ, കുട്ടഞ്ചേരി (മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി) | 22101341 | 23.02.22 | 13,500 |
| | | | 22101353 | 03.03.22 | 8137 |
| | | | 22101396 | 22.03.22 | 6863 |
| 77/22 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-സ്പിൽ ഓവർ(പൊതുവിഭാഗം) | അക്ഷജ്.എം.ബി. മേലേപുരയ്ക്കൽ, കുട്ടഞ്ചേരി (മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി) | 22101324 | 16.02.22 | 4075 |
| | | | 22101392 | 17.03.22 | 1805 |
| | | വിനോദ്. എൻ. പ്രസാദ്, നെല്ലിക്കപറമ്പിൽ, മങ്ങാട് (ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി) | 22101392 | 17.03.22 | 200 |
| 217/22 | എസ്.സി. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് | വിനോദ്. എൻ. പ്രസാദ്, | 22101340 | 23.02.22 | 5300 |

| | | | | | |
|---|---|---|---|---|---|
| | സ്കോളർഷിപ്പ് (പൊതുവിഭാഗം-SCP) | നെല്ലിക്കപറമ്പിൽ, മങ്ങാട് (ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി) | | | |
| | | | ആകെ | | 39,880 |

തുക ഗുണഭോക്താക്കൾക്ക് കൈമാറാതിരുന്നതിനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 17/07.03.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്നതുവരെ ചെലവഴിച്ച തുകയായ 39,880/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 വി.ഇ.ഒ നടപ്പാക്കിയ പ്രൊജക്ടുകൾ - ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

2021-22 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | പേരും മേൽ വിലാസവും | വൗച്ചർ നം./ തീയതി | തുക |
|---|---|---|---|---|
| 1 | 15/22 - വീട് വാസയോഗ്യമാക്കൽ വികസനഫണ്ട് (എസ്.സിപി) (30000*2=60000) | രവി അമ്പക്കാട്ട്, കരിയന്നൂർ | 22101302/07.02.22 | 30,000 |
| 2 | | ബിന്ദു, മനക്കൽപ്പടി,ചിറ്റണ്ട | 22101329/18.02.22 | 30,000 |
| 3 | | അമ്മിണി ശങ്കരൻ, നമ്പ്രത്ത്, നെല്ലുവായ് | 22101338/23.02.22 | 30.000 |
| 4 | 48/22 - വീട് വാസയോഗ്യമാക്കൽ (ജനറൽ) (12500 * 2 = 25000) | രാധ, ഒരുപാക്കയിൽ വീട്, കാഞ്ഞിരക്കോട് | 22101371/15.03.22 | 12,500 |
| 5 | | ജോസഫ് കണ്ണനായ്ക്കൽ വീട്, നെല്ലുവായ് | 22101431/24.03.22 | 12,500 |

മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/7.3.2023) മറുപടിയായി പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| അഭിഭാഷകന്റെ പേര് | വൗച്ചർ | | |
|---|---|---|---|
| | നമ്പർ | തിയതി | തുക |
| അഡ്വ.എം.സി.ആഷി | 22100816 | 26.11.2021 | 15,000/- |
| അഡ്വ.എം.സി.ആഷി | 22101148 | 10.02.2022 | 15,000/- |
| അഡ്വ.പി.സി.ശശിധരൻ | 22101149 | 10.02.2022 | 15,000/- |
| അഡ്വ.പി.സി.ശശിധരൻ | 22101150 | 10.02.2022 | 15,000/- |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/07.03.23)

മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-34 സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിട്ടില്ല, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, CHC.

പ്രോജക്ട് നം, പേര് - S0011/22., പാലിയേറ്റീവ് സാന്ത്വന പരിചരണ പരിപാടി.

ട്രഷറി ബിൽ നം. 8/2021 -22.dtd. 5.11.21. 347584/ -

മേൽ ട്രഷറി ബില്ല് പ്രകാരം പിൻവലിച്ച തുക സാന്ത്വന പരിചരണ പരിപാടി എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തുകയോ, സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.10/6.3.2023. നല്കിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 347584/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1 -35 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - പട്ടിക ജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നം. S00111/22.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ.

ട്രഷറി ബിൽ നം.4/2021 -22. Dtd. 24.3.22. 482940/ -

ട്രഷറി ബിൽ നം.5/2021 -22. Dtd. 24.3.22. 96588/ -

എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായ 2020 -21വർഷത്തെ പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടായി 2021 -22 വർഷത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ജെം പോർട്ടൽ വഴി ഐഡിയൽ കമ്പ്യൂട്ടിംഗ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി 12 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.13.10.2020 1(1) തീരുമാന പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥികൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും ബന്ധപ്പെട്ട വകുപ്പ് വഴി ലാപ് ടോപ്പ് വിതരണം മുമ്പ് ഇതേ വിദ്യാർത്ഥികൾക്ക് നല്കിയിട്ടില്ലാ എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ എൻക്വയറി നം.9/6.3.23.)

### 1-36 മഴക്കാല പൂർവ്വശുചീകരണം - സമയബന്ധിതമായി തുക ചെലഴിച്ചില്ല.

വൗച്ചർ നം.22100138. Dtd. 18.5.21. 180000/ -

വൗച്ചർ നം.22100322. Dtd. 20.7.21. 90000/ -

വൗച്ചർ നം.22100895. Dtd. 17.12.21. 180000/ -

4,50,000

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും ഓരോ വാർഡുകൾക്കും 25000/ - രൂപ വീതം 18 വാർഡുകൾക്ക് നല്കിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മഴക്കാലം ആരംഭിക്കുന്നതിന് മുമ്പേ നടത്തേണ്ടതാണെന്ന് പ്രോജക്ടിൽ തന്നെ പറയുന്നുണ്ട്. എന്നാൽ ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ പല ചെലവ് പ്രവൃത്തികളും നടന്നിട്ടുള്ളത് 7/21, 10/21,3/22 എന്നീ മാസങ്ങളിലാണ്. മഴക്കാലത്തിനുശേഷം മഴക്കാല പൂർവ്വ ശുചീകരണത്തിനായി തുക ചെലവഴിച്ചത് ക്രമ പ്രകാരമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ജനപ്രകതിനിധികളും ജീവനക്കാരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം ലഭിച്ച സംയുക്ത പ്രോജക്ടുകളിൽ തുക ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം മാത്രം ഇവിടെ ചേർത്താൽ മതിയാകും.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021-22 | 2750000 | സാമഗ്രനെൽകൃഷിവികസനം | 500000 | 2250000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021-22 | 1100000 | പാലിയേറ്റീവ്- സ്വാന്തന പരിചരണ പരിപാടി | | 1100000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021-22 | 100000 | ക്ഷീരസംഘങ്ങൾ മുഖേന പാലിനു സബ്സിഡി വിതരണം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021-22 | 800000 | ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എസ് സി | 360000 | 4400000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021-22 | 340000 | ലൈഫ് ഭവനനിർമ്മാണം ജനറൽ | | 340000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021-22 | 349925 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ് | 349925 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021 - 22 | 20000 | വിശപ്പ് രഹിത പഞ്ചായത്ത് | 20000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021 - 22 | 640000 | ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ജനറൽ | 640000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021 - 22 | 400000 | ലൈഫ് ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ ജനറൽ | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021 - 22 | 100000 | വീട്ടുവളപ്പിൽ മത്സ്യ കൃഷി | | 100000 |

| | | | | | |
|---|---|---|---|---|---|
| വിഹിതം | | | | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 2750000 | സാമഗ്രനെൽകൃഷിവികസനം | 1000000 | 1750000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 100000 | പാലിയേറ്റീവ്- സ്വാന്തന പരിചരണ പരിപാടി | 57994 | 42006 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 150000 | ക്ഷീരസംഘങ്ങൾ മുഖേന പാലിനു സബ്സിഡി വിതരണം | 150000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 448000 | ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എസ് സി | 100000 | 348000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 1197000 | ലൈഫ് ഭവനനിർമ്മാണം ജനറൽ | | 1197000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 350000 | ഭിന്നശേഷി വിദ്യാർഥിക്കൾക്ക് സ്കോളർഷിപ്പ് | 295075 | 54925 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 100000 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ(കോവിഡിന്റെ ചികിത്സയ്ക്കും പ്രതിരോധത്തിനും) | | 100000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 100000 | ഹോമിയൊ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ കോ വിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | | 100000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 250000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 108575 | 141425 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 108400 | ലൈഫ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ജനറൽ | | 108400 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 400000 | ലൈഫ് ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ ജനറൽ | 400000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 500000 | ശങ്കരൻകാവ് അമ്പലം റോഡ് റീടാറിംഗ് | 413007 | 86993 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021 - 22 | 500000 | കൊടുമ്പ് ചാത്തൻ ചിറ കോളനി സമഗ്ര വികസനം | 500000 | 0 |

ഗ്രാമപഞ്ചായത്തിൽ നിന്ന് ഹാജരാക്കിയ തൻവർഷത്തെ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പ്രോജക്റ്റ് നമ്പർ | നിർവ്വഹണ ഏജൻസി | ട്രഷറി ബിൽ നം./തിയതി | തുക (₹) |
|---|---|---|---|---|
| 1 | 286/22 മേച്ചിൽപുറം കുടിവെള്ള പദ്ധതി ഭൂജലവകുപ്പിന് തുക കൈമാറൽ (വികസന ഫണ്ട് ജനറൽ) | ഭൂജലവകുപ്പ് | 22101405/23.03.2022 | 33,145 |
| 2 | 114/22- കുട്ടഞ്ചേരി അങ്കണവാടിക്ക് വാട്ടർ കണക്ഷൻ നൽകൽ - വാട്ടർഅതോറിറ്റിക്ക് തുക കൈമാറൽ(ധനകാര്യ കമ്മീഷൻ അവാർഡ്) | കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ | 22101310/09.02.2022 | 1,40,000 |
| 3 | 219/22 സ്ട്രീറ്റ് ലൈൻ നീട്ടൽ കുണ്ടന്നൂർ സെക്ഷൻ വടക്കാഞ്ചേരി സെക്ഷൻ (ധനകാര്യ കമ്മീഷൻ അവാർഡ്) | കെ.എസ്.ഇ.ബി., കുണ്ടന്നൂർ | 22101275/18.03.22- 1,52,634 22101382/24.03.22- 1,88,328 | 3,40,962 |
| | | കെ.എസ്.ഇ.ബി., വടക്കാഞ്ചേരി | 22101274/18.03.22-6,59,030 | 6,59,030 |

തൻവർഷത്തെ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നം/ തിയതി | വായ്പ തുക | മുൻ ബാക്കി | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ചതുക | | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | | പലിശ | |
| KURDFC | ലഭ്യമല്ല | ലഭ്യമല്ല | 73,91,363 | 0 | G.O (Rt) 3367/21/Fin 07.04.21 | 4,69,333 | | 60,86,030 |
| | | | | | G.O (Rt) 5206/21/Fin 30.07.21 | 4,18,000 | | |
| | | | | | G.O (Rt) 22/22/Fin 01.01.22 | 4,18,000 | | |

| | |
|---|---|
| ആകെ | 13,05,333 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-1998 | Para 41 | 55 | Prema Chandran A R, Secretary | 121040105660 Dated 31/01/2022 |
| 2018-19 | Para 2-4 | 150 | Vilasini M S GLPS Kuttanchery | 121040102698 Dated 09/12/2021 |
| 2018-19 | Para 2-4 | 1500 | Viji M V, Staff, NREGS | 121040102340 Dated 26/11/2021 |

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,69,89,019 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,53,63,944 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1612398 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 12,04,184 | തോമസ് എ.എൽ, സെക്രട്ടറി |
| 1-30 | 20,750 | സുനന്ദ ഇ.ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 39,880 | സിന്ധു എ. കെ., ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 1264814 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| തോമസ് എ.എൽ, സെക്രട്ടറി | സെക്രട്ടറി , എളവള്ളി ഗ്രാമപഞ്ചായത്ത് | അരിമ്പൂർ വടക്കൻ ഹൗസ് പി.ഒ., പടിയം 680641 |
| സുനന്ദ ഇ.ആർ., അസിസ്റ്റന്റ് സെക്രട്ടറി | റിട്ടയേർഡ് | തടത്തിൽ ഹൗസ് , പേരാമംഗലം |
| സിന്ധു എ. കെ., ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, പുഴയ്ക്കൽ ബ്ലോക്ക് | മഠത്തിൽ ഹൗസ് , ശങ്കരപുരം, മുളങ്കുന്നക്കത്തുകാവ് പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1995-96 | LFT 20-89/01 Dtd.07.04.01 | 1 | 16 | |
| 2 | 1997-98 | LFT 20-510/99 Dtd.21.12.99/ 06.03.2000 | 26 | 33, 37, 38, 50, 51, 54, 55, 57(1)(2), 58, 60, 62, 63, 68, 69, 71, 72, 73, 74, 75, 76, 77, 78, 79, 80, 81, 82 | |
| 3 | 1998-99 | LFT 20-1617/2000 Dtd.29.08.01 | 19 | 30, 32, 37, 38, 40, 42, 43, 44, 46, 52, 68, 70, 71, 72, 73, 75, 81, 87, 88 | |
| 4 | 1999-2000 | LFT 17-685/04 Dtd.07.03.05 | 2 | 5, 6 | |
| 5 | 2000-01 | LFT 17-686/04 Dtd.15.03.05/ 07.04.05 | 4 | 1, 2(a,b,c,d,e), 3, 4 | |

| | | | | | |
|---|---|---|---|---|---|
| 6 | 2001-02 | LFT 17-687/04 Dtd.15.03.05 | 3 | 2-1, 2-2, 2-3(a,b,c) | |
| 7 | 1999-2000 To 2001-02 (ജനകീയാസൂത്രണം) | LFT 17-1113/03 Dtd.05.03.04 | 3 | 13, 14, 17 | |
| 8 | 2002-03 | LFT 17-444/06 Dtd.19.06.06/ 05.01.07 | 1 | 3-11 | CAR സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക |
| 9 | 2003-04 | LFT 17-2207/07 Dtd.31.05.08/ 08.07.08 | 2 | 3-8, 3-9(b) | |
| 10 | 2006-07 | LFT 17-1130/10 Dtd.20.01.11/ 19.10.11 | 7 | 3-1, 3-2, 3-3, 3-4, 3-6, 3-7, 3-9 | |
| 11 | 2007-08 | LFT 17-1131/10 Dtd.20.01.11/ 19.10.11 | 8 | 2-2, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6 | |
| 12 | 2008-09 | LFT P3-218/11 Dtd.29.11.11 | 7 | 3-1, 3-2, 3-3, 3-5, 3-6, 3-7, 3-8 | |
| 13 | 2009-10 | LFT P3-227/11 Dtd.29.11.11 | 8 | 2-2, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9 | |
| 14 | 2010-11 | LFT P1-2274/12 Dtd.08.03.13 | 6 | 2-1b, 2-1d, 3-1, 3-2, 3-5, 3-11, 3-12 | |
| 15 | 2011-12 | LFT P1-732/13 Dtd.12.08.13/ 17.10.13 | 19 | 2-6(2 To 4), 3-2(a,b,c), 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20 | |
| 16 | 2012-13 | LFT 5-2148/2013 Dtd.05.07.14 | 6 | 2-1(i), 2-1(ii) (2,4,5,7), 3-7, 3-11(4), 3-11(1), 3-12, 3-19, 3-22 | |
| 17 | 2013-14 | KSA-TSR-P5-327/15 Dtd.20.08.15 | 16 | 2-3a, 2-6, 2-7(4), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-10, 3-11, 3-13, 3-14, 3-15, 3-16, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-18 | |
| 18 | 2014-15 | KSA-TSR-P5-1217/16 Dtd.23.07.16 | 12 | 2-1, 2-2, 2-4, 2-7(1,2,3,5,6), 2-8(1,3), 3-4,3-5,3-7, 3-11,3-13,3-14,3-15 | 2-1, 2-2 -CAR |
| 19 | 2015-16 | KSA-TSR-P5-2227/16 Dtd.06.01.17/ 22.02.17 | 6 | 2-1, 3-2, 3-3(3), 3-4(1,2,6), 3-7(4), 3-8 | |
| 20 | 2016-17 | KSA-TSR-P5-1195/17 Dtd.29.08.17/ 06.10.17 | 4 | 2-2, 2-3(1,2,6,7), 3-13, 3-18 | |
| 21 | 2017-18 | KSA-TSR-P5-1727/18 Dtd.23.11.18 | 6 | 2-2, 2-3, 3-7(1,2,3,4,7), 3-8, 3-12, 3-24 | |
| 22 | 2018-19 | KSA TSR (P4) 1746/2021 Dtd 08.04.2022 | 11 | 3-2, 3-3, 3-4, 3-6, 3-7, 3-8, 3-12, 3-14, 3-15, 3-16, 3-19 | |
| 23 | 2019-20 | KSA TSR (P4) 991/2022 Dtd 01/07/2022 | 20 | 1-9, 1-10 മുതൽ 1-28 വരെ | |
| 24 | 2020-21 | KSA TSR (P4) 992/2022 Dtd 01/07/2022 | 27 | 1-9, 1-10 മുതൽ 1-34 വരെ, 3-1 | |
| | ആകെ | | 224 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്